# വേൾഡ് ട്രാവൽ മാർട്ടിൽ: മിയാവാക്കി മാതൃകയ്ക്കു വെള്ളി മെഡൽ



ലണ്ടനിൽ നടന്ന വേൾഡ് ട്രാവൽ മാർട്ടിൽ (2021)ൽ മിയാവാക്കി മാതൃകയിലുള്ള വനവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയ കേരളത്തിൽ നിന്നുള്ള ഇൻവിസ് മൾട്ടി മീഡിയയ്ക്ക് അംഗീകാരം. ഇന്ത്യയിലെ കാർബൺ ലഘൂകരണ വിഭാഗത്തിലെ  വെള്ളി മെഡലാണ് ഇൻവിസിന് ലഭിച്ചത്. മഹാരാഷ്ട്രയിലെ ഗോവർധൻ വില്ലേജിനാണ് സ്വർണ്ണ മെഡൽ.

തിരുവനന്തപുരം ജില്ലയിലെ പുളിയറക്കോണത്ത് നാല്പത്തഞ്ചു ഡിഗ്രി ചരിവുള്ള സ്ഥലത്ത് മിയാവാക്കി മാതൃകാ പരീക്ഷണത്തിലൂടെ വനവൽക്കരണം സാധ്യമാക്കിയതിനാണ് അവാർഡ്. തികച്ചും ജൈവിക രീതിയിലാണ് വനം സൃഷ്ടിച്ചത്. വനവൽക്കരണത്തിനൊപ്പം തന്നെ അഞ്ഞൂറോളം സസ്യ ഇനങ്ങൾ നട്ടുപിടിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. ശലഭങ്ങൾക്കും പക്ഷികൾക്കും ഇരിപ്പിടം ഒരുങ്ങിയതോടൊപ്പം തന്നെ പ്രദേശത്തെ ഭൂഗർഭജലനിരപ്പുയർത്തുവാനും സാധിച്ചിട്ടുണ്ട്.



വനവൽക്കരണം നടപ്പിലാക്കുന്നതിനൊപ്പം തന്നെ ഡിജിറ്റൽ സാങ്കേതിക വിദ്യകളിലൂന്നി ക്രൗഡ് ഫോറസ്റ്റിംഗ്. ഓർഗ് എന്ന വെബ്സൈറ്റിലൂടെ മിയാവാക്കി മാതൃക പ്രചരിപ്പിക്കുവാൻ ഇൻവിസ് മൾട്ടിമീഡിയ നടത്തുന്ന പ്രവർത്തനങ്ങളും കണക്കിലെടുത്തു. ആഗോളതാപനത്തിന്റെ പശ്ചാത്തലത്തിൽ ഉത്തരാവാദിത്ത ടൂറിസത്തിന്റെ ഭാഗമായി പാരിസ്ഥിതിക പ്രവർത്തനങ്ങൾക്കു മുൻഗണന നൽകുന്നതിനാണ് അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്.



ജപ്പാനിലെ യോക്കോഹോമാ നാഷണൽ യൂണിവേഴ്സിറ്റിയിലെ പ്രൊഫസറും അന്താരാഷ്ട്ര അംഗീകാരം നേടിയ സസ്യശാസ്ത്രജ്ഞനുമായിരുന്ന ഡോ. അകിരാ മിയാവാക്കി 1970-കളിൽ വികസിപ്പിച്ചെടുത്തതാണ് മിയാവാക്കി മാതൃകാ വനവൽക്കരണ പരിപാടി. ജപ്പാനിലടക്കം 17 രാജ്യങ്ങളിലായി മൂന്നരക്കോടിയിലധികം ചെടികൾ പ്രൊഫ. മിയാവാക്കി തന്നെ നട്ടുപിടിപ്പിച്ചിരുന്നു.

